പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1106 03.12.2015 ൽ മറുപടിക്ക്

**ശമ്പളം ലഭിക്കാതെ ജോലി നോക്കുന്ന നഴ്സറി അദ്ധ്യാപകരും ആയമാരും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.: കെ.കെ ജയചന്ദ്രൻ: | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സർക്കാർ സ്കൂളുകളിൽ ശമ്പളമോ അലവൻസോ ലഭിക്കാതെ ജോലി നോക്കിവരുന്ന എത്ര നഴ്സറി അദ്ധ്യാപകരും ആയമാരും ഉണ്ട്; | (എ) | വിവരം ശേഖരിച്ചു നൽകുന്നതാണ് |
| (ബി) | ഇവർക്ക് ശമ്പളമോ അലവൻസോ നൽകാത്തത് എന്തുകൊണ്ടാണ്; വിശദീകരണം നൽകാമോ; | (ബി) | |
| (സി) | സർക്കാർ നഴ്സറി സ്കൂളിൽ പി.ടി.എ മുഖാന്തിരം അദ്ധ്യാപകരായോ ആയമാരായോ ആയി നിയമനം നൽകിയിട്ടുളളവർക്ക് പി.ടി.എ ഫണ്ടിൽ നിന്നും വേതനം നൽകേണ്ട എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | നിർദ്ദേശം നൽകിയിട്ടില്ല |
| (ഡി) | നഴ്സറി അദ്ധ്യാപകർക്കും ആയമാർക്കും വേതനം നൽകുന്നതിന് അനുവാദം ഇല്ലാത്തതിനാൽ ഈ സ്കുളുകളുടെ പ്രവർത്തനം എപ്രകാരം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്ന് | (ഡി) | ബഹു. ഹൈക്കോടതി നിർദ്ദേശിച്ചതനുസരിച്ച് നിശ്ചിത യോഗ്യതയുള്ള പ്രീ-പ്രൈമറി ജീവനക്കാർക്ക് 07/12/2012 ലെ സ.ഉ.(എം.എസ്) നം.385/12/പൊ.വി പ്രകാരം വർദ്ധിപ്പിച്ച നിരക്കിൽ, അദ്ധ്യാപകർക്ക് 5000/- രൂപയും ആയമാർക്ക് 3500/- രൂപയും |

| | |
|---|---|
| പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | ഓണറേറിയം അനുവദിച്ചു കൂടാതെ 1/8/12 ൽ ഒരു വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയ നിർദ്ദിഷ്ട **യോഗ്യതയില്ലാത്ത പ്രീ-പ്രൈമറി ജീവനക്കാർക്കും കൂടി വർദ്ധിപ്പിച്ച നിരക്കിലെ ഓണറേറിയം സർക്കാർ ഉത്തരവ് (എംഎസ്) നം.146/13/പൊ.വി പ്രകാരം** അനുവദിച്ചിട്ടുണ്ട്. 18/07/14 ലെ സ.ഉ (എം.എസ്) 137/14/പൊ.വി.വ പ്രകാരം 01/08/2012 ൽ സർവ്വീസിൽ ഉണ്ടായിരുന്ന എല്ലാ ജീവനക്കാർക്കും ഓണറേറിയം അനുവദിക്കുകയുണ്ടായി. ഇപ്രകാരം സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി. 07/12/12 വരെ നിയമനം ലഭിച്ച യോഗ്യതയുളളവർക്കും 01/08/2012 വരെ ജോലിയിലിരുന്ന എല്ലാ ജീവനക്കാർക്കും ഓണറേറിയം നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**